**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 107** **29-01-2024 - ൽ മറുപടിയ്ക്ക്**

**പ്രവാസി ക്ഷേമനിധി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസി ക്ഷേമനിധിയിലെ അംഗം മരണപ്പെട്ടാൽ അവകാശിക്ക് പെൻഷൻ ലഭിക്കുവാൻ സമർപ്പിക്കേണ്ട അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമാണെന്നും സമർപ്പിക്കേണ്ട രീതിയെക്കുറിച്ചുള്ള വിശദാംശവും നൽകാമോ; | (എ) | പ്രവാസി ക്ഷേമനിധി അംഗത്വമെടുത്ത് തുടർച്ചയായി അഞ്ചു വർഷം അംശദായമടച്ച് അംഗത്വം നിലനിർത്തിയിട്ടുള്ള ഒരംഗം മരണപ്പെട്ടാലും, പ്രവാസി ക്ഷേമപെൻഷൻ വാങ്ങി വരുന്നയാൾ മരണപ്പെട്ടാലും അവകാശികൾക്ക് കുടുംബപെൻഷന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ മുഖേനയാണ് പെൻഷൻ അപേക്ഷ സമർപ്പിക്കേണ്ടത്. ടി അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ കൂടി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.<br>1. മരണമടഞ്ഞ അംഗത്തിന്റെ മരണ സർട്ടിഫിക്കറ്റിന്റെ കോപ്പി.<br>2. അംഗവുമായി അവകാശിക്കുള്ള ബന്ധം തെളിയിക്കുന്നതിനുള്ള രേഖ (റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്/ ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ്).<br>3. അവകാശിയുടെ ആധാറിന്റെ പകർപ്പ്.<br>4. അവകാശിയുടെ ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ്.<br>5. അവകാശിയുടെ അല്ലെങ്കിൽ നോമിനിയുടെ സമ്മതപത്രം. |
| (ബി) | അപേക്ഷ സമർപ്പിച്ചാൽ നടപടി പൂർത്തിയാക്കുവാൻ എടുക്കുന്ന സാധാരണ സമയപരിധി അറിയിക്കാമോ; | (ബി) | സാധുവായ അപേക്ഷ മതിയായ എല്ലാ രേഖകളും സഹിതം സമർപ്പിച്ചാൽ പരമാവധി 2 മാസത്തിനുള്ളിൽ കുടുംബ പെൻഷൻ അനുവദിക്കുന്നതാണ്. |
| (സി) | അപേക്ഷ നിരസിച്ചാൽ അപേക്ഷകരെ അറിയിക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനാൽ നിരസിക്കുന്ന അപേക്ഷകളുടെ വിവരം അപേക്ഷകരെ ഓൺലൈനായി അറിയിക്കുന്ന സംവിധാനമുണ്ട്. |

സെക്ഷൻ ഓഫീസർ